**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3288** **01-03-2023 - ൽ മറുപടിയ്ക്ക്**

**അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രീ പ്രൈമറി, എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയെന്ന് വിശദമാക്കാമോ? | (എ) | 14-02-11 ലെ സഉ(എം.എസ്) നം. 36/11/ പൊ.വി.വ പ്രകാരം അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ വിദ്യാലയങ്ങളിലെ അദ്ധ്യാപക / അനദ്ധ്യാപകർക്ക് നൽകേണ്ട ശമ്പളം സംബന്ധിച്ച് സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നല്കിയ സ.ഉ.(എം.എസ്) നം. 202/11/പൊവിവ തീയതി 07/10/11 ഉത്തരവിൽ പ്രത്യേക വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു. അതനുസരിച്ച് സർക്കാർ സ്കൂളുകളിലെ ശമ്പള സ്കെയിൽ അവർക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ WA No. 1042/12-ന്റെ 14/09/12-ലെ വിധിപ്രകാരം ശമ്പളം നിർണ്ണയിക്കാൻ സി.ബി.എസ്.ഇ യ്ക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ ശമ്പളം നിശ്ചയിക്കുന്നതു വരെ ടി സ്കൂളുകളിലെ പ്രൈമറി/ മിഡിൽ വിഭാഗത്തിലെ അധ്യാപകർക്ക് 10,000/- രൂപയും സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 15000/- രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 20,000/- രൂപയും അനദ്ധ്യാപകർ, ക്ലറിക്കൽ സ്റ്റാഫ് എന്നിവർക്ക് 6,000/- രൂപയും ക്ലാസ് 4 ജീവനക്കാർക്ക് 4500/- രൂപയും നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ